Page 1 of 1

## ക്രമപ്രശ്നം

### ചട്ടം 236(6) പ്രകാരമുള്ള ആന്വൽ പെർഫോമൻസ് റിപ്പോർട്ട് മേശപ്പുറത്തു വച്ചത് സംബന്ധിച്ച്

ശ്രീ. മാത്യു. ടി. തോമസ് : സർ, പോയിന്റ് ഓഫ് ഓർഡർ, ചട്ടം 236(6) പ്രകാരമുള്ള ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളാണ് ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ചത്. അത് ഭരണവകുപ്പിന്റെ ചുമതലയിലുള്ള മന്ത്രിമാർ എന്നുള്ള നിലയ്ക്കാണോ, സബ്ജക്ട് കമ്മിറ്റിയുടെ അധ്യക്ഷൻ എന്ന നിലയ്ക്കാണോ വച്ചതെന്ന് അങ്ങ് വ്യക്തമാക്കണം. സബ്ജക്ട് കമ്മിറ്റിയുടെ അധ്യക്ഷൻ എന്ന രീതിയിലാണെങ്കിൽ സബ്ജക്ട് കമ്മിറ്റിയിലെ മറ്റൊരംഗത്തിന് വയ്ക്കാവുന്നതാണ്. അതാണ് ശ്രീ. തോമസ് ഉണ്ണിയാടൻ ഇവിടെ ചെയ്തത്. അതേസമയം ഭരണവകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്നുള്ള നിലയിലാണെങ്കിൽ മറ്റു മന്ത്രിമാർക്കും ഇത് വയ്ക്കാം. ഇവിടെ മന്ത്രിമാർക്ക് പകരം മറ്റ് മന്ത്രിമാർ വയ്ക്കുകയും ഒരു മന്ത്രിയ്ക്കുപകരമായി ഒരംഗം മേശപ്പുറത്ത് വയ്ക്കുകയും ചെയ്തത് ഓർഡറിലാണോ എന്ന് അങ്ങ് റൂൾ ചെയ്യണം.

## റൂളിംഗ്

മി. സ്പീക്കർ : You are correct. വകുപ്പുമന്ത്രി ഇല്ലാത്തതുകൊണ്ട് ഏതെങ്കിലും മന്ത്രി വയ്ക്കേണ്ടതായിരുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. മന്ത്രിക്ക് പകരം മറ്റൊരംഗം വച്ചത് ചട്ടപ്രകാരമല്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ അത് റീലേ ചെയ്യാം.

*Mr. Speaker : Yes*

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, കേരളനിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(6) പ്രകാരം ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ 2011-12 സാമ്പത്തികവർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VII റിപ്പോർട്ട് സമർപ്പണം

**1. സബ്ജക്ട് കമ്മിറ്റി XII ന്റെ 2011-2012-ലെ ധനാഭ്യർത്ഥനകളുടെ ഒന്നാമത് റിപ്പോർട്ട്**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly